പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 1856

10/03/2020 ൽ മറുപടി നല്കേണ്ടത്.

## പൂത്തോട്ട കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ നിർമ്മാണ പ്രവർത്തനങ്ങൾ

ചോദ്യം

**ശ്രീ.എം. സ്വരാജ്**

ഉത്തരം

**ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**

(ആരോഗ്യവും സാമൂഹ്യ നീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തൃപ്പൂണിത്തുറ നിയോജക മണ്ഡലത്തിലെ പൂത്തോട്ട കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടത്തുന്ന നിർമ്മാണ പ്രവർത്തനത്തിന് എന്നാണ് ഭരണാനുമതി ലഭ്യമായത് എന്നും പ്രവൃത്തി കരാറിൽ ഏർപ്പെട്ട തീയതി എന്നാണെന്നും കരാർ കാലാവധി എത്രയാണെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ; | (എ) | തൃപ്പൂണിത്തുറ നിയോജക മണ്ഡലത്തിലെ പൂത്തോട്ട കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ അഡ്വ എം. സ്വരാജ് എം. എൽ . എ യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിലവിലുള്ള കെട്ടിടത്തിന് മുകളിൽ ഒരു നില വാർഡ് നിർമ്മിക്കുന്നതിന് എറണാകുളം ജില്ലാ കളക്ടർ 28/05/2018-ലെ ഉത്തരവ് പ്രകാരം 45 ലക്ഷം രൂപ ഭരണാനുമതി നൽകിയിട്ടുണ്ട്. കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡവലപ്മെന്റ് കോർപറേഷനെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുണ്ട്. 14.11.18 തീയതിയിലെ കോർപ്പറേഷന്റെ കരാർ പ്രകാരം കോൺട്രാക്ടറായ ശ്രീ. ബേസിൽ പി. എബ്രഹാമിനെ നിർമ്മാണം ഏൽപിച്ചിട്ടുണ്ട്. കരാർ കാലാവധി 6 മാസമാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതിഎന്തെന്ന് അറിയിക്കുമോ; | ബി) | ബ്ലോക്ക് വർക്ക് , ലിന്റെൽ വർക്ക് നിലവിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | എത്ര നാളായി ഈ നിർമ്മാണം മുടങ്ങിയിട്ട് എന്ന് അറിയിക്കുമോ; | (സി) | 2019 മേയ് മാസം അവസാന ആഴ്ച മുതൽ പ്രവൃത്തി മുടങ്ങിയിരിക്കുകയാണ്. |
| ഡി | ഈ സ്ഥിതിക്ക് ഉത്തരവാദിയായ കരാറുകാരനെതിരെ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ തീയതി സഹിതം അറിയിക്കുമോ; | (ഡി) | പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കണമെന്ന് അറിയിച്ചുകൊണ്ട് നിരവധി തവണ കത്ത് നൽകിയിരുന്നുവെങ്കിലും പണി ആരംഭിക്കാത്ത സാഹചര്യത്തിൽ ടിയാളുടെ കരാർ ഉടമ്പടി റദ്ദാക്കുമെന്നറിയിച്ചു കൊണ്ട് 13/02/2020ന് നോട്ടീസ് നൽകിയിട്ടുണ്ട്. |
| ഇ | പ്രസ്തുത നടപടി സ്വീകരിക്കുന്നതിൽ കാലതാമസം വന്നതിനുള്ള കാരണമെന്താണെ | ഇ) | ടി പ്രവർത്തിയുടെ 10,33,296/ രൂപയുടെ പാർട്ട് ബിൽ പാസ്സാക്കി 22.05.2019 ന് തുക അനുവദിക്കുന്നതിനായി എറണാകുളം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിരുന്നെങ്കിലും |

| | | | |
|---|---|---|---|
| | ന്നും ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതും വ്യക്തമാക്കുമോ; | | അവിടെ സ്വീകരിക്കാതെ മടക്കിയതിനെത്തുടർന്ന് 10.06.2019 ന് ഫിഷറീസ് ഡയറക്ടർ വഴി സമർപ്പിക്കുന്നതിനുവേണ്ടി നൽകിയിരുന്നു. എന്നാൽ ഭരണാനുമതി ലഭിച്ചത് ഫിഷറീസ് ഡയറക്ടർ വഴി അല്ലാത്തതിനാൽ ബിൽ മടക്കി നൽകി. തുടർന്ന് 03.07.2019 ന് ടി ബിൽ മത്സ്യബന്ധന തുറമുഖ വകുപ്പിലേക്കും ആയതിന്റെ അഡ്വാൻസ് കോപ്പി ധനകാര്യ വകുപ്പിലേക്കും സമർപ്പിച്ചിരുന്നു. തുടർന്ന് ഫിഷറീസ് വകുപ്പിൽ നിന്നും ആവശ്യപ്പെട്ട അധികവിവരങ്ങൾ കൂടി ഉൾപ്പെടുത്തി KSCADC മത്സ്യബന്ധനതുറമുഖ വകുപ്പിന് ലഭ്യമാക്കിയ പ്രപ്പോസൽ ഇപ്പോൾ സർക്കാരിൽ ആരോഗ്യകുടുംബക്ഷേമവകുപ്പിന്റെ പരിഗണനയിലാണ്. |
| എഫ് | ഈ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കുമോ? | എഫ് | ടി പ്രവൃത്തി പുനരാരംഭിച്ച് 4 മാസത്തിനകം പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ